# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 206** — **18-03-2015-ലെ മറുപടിയ്ക്ക്**

**<u>സംസ്ഥാന ലോട്ടറിയുടെ സമ്മാന ഘടന മാറ്റം വരുത്തൽ</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. ബി. സത്യൻ**<br>**ശ്രീ. ജി. സുധാകരൻ**<br>**ശ്രീ. കെ.കെ. നാരായണൻ**<br>**ശ്രീ. എം. ചന്ദ്രൻ** | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാന ലോട്ടറിയുടെ പുരോഗതിക്ക് അനുയോജ്യമായ തീരുമാനങ്ങൾ യഥാസമയം എടുക്കുന്നതിന് സാദ്ധ്യമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (എ) സംസ്ഥാന ലോട്ടറിയുടെ പുരോഗതിയ്ക്ക് അനുയോജ്യമായ തരത്തിൽ തീരുമാനങ്ങൾ എടുത്ത് പ്രാവർത്തികമാക്കാൻ സാധിക്കുന്നുണ്ട്. ആഴ്ചയിൽ എല്ലാ ദിവസവും ഭാഗ്യക്കുറി നറുക്കെടുപ്പ് പുനരാരംഭിച്ചതുമൂലം റവന്യൂ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. നറുക്കെടുപ്പ് യന്ത്രവൽക്കരിയ്ക്കുകയും സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഭാഗ്യക്കുറി ടിക്കറ്റിന്റെ വിപണിയിലെ ആവശ്യം പരിഗണിച്ച് വിവിധ സംഘടനകളുമായി ചർച്ച നടത്തി കാലോചിതമായി ഭാഗ്യക്കുറികളുടെ സമ്മാനഘടന പരിഷ്കരിച്ചുവരുന്നുണ്ട്. കൂടാതെ എല്ലാ ഏജന്റുമാർക്കും വില്പനക്കാർക്കും ടിക്കറ്റ് ലഭിയ്ക്കുന്നതരത്തിൽ ഡിമാന്റിനനുസരിച്ച് പ്രതിവാര ഭാഗ്യക്കുറികളുടെ (പൌർണ്ണമി, വിൻവിൻ, അക്ഷയ, ഭാഗ്യനിധി) ടിക്കറ്റ് അച്ചടി 56 ലക്ഷമായി ഉയർത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തിനകത്ത് നിയമവിരുദ്ധ/ അനധികൃത ഭാഗ്യക്കുറി വില്പന നടത്തുന്ന ഏജന്റുമാർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് ഇന്റലിജൻസ് എഡിജിപിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല മോണിറ്ററിംഗ് സെല്ലും അതാത് ജില്ലാ കളക്ടർമാർ ചെയർമാൻമാരായി ജില്ലാതല മോണിറ്റിംഗ് സെല്ലുകളും രൂപീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാന ഭാഗ്യക്കുറിയ്ക്ക് ജനകീയ മുഖം നൽകുന്ന കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന ചികിത്സാ ധനസഹായം നൽകിവരുന്നു. പദ്ധതി |

വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കാരുണ്യ ഭാഗ്യക്കുറിയ്ക്ക് പുറമെ പ്രതിവാര ഭാഗ്യക്കുറിയായിരുന്ന പ്രതീക്ഷാ ഭാഗ്യക്കുറിയുടെ പേര് കാരുണ്യ പ്ലസ് എന്ന് നാമകരണം ചെയ്ത് അതിൽനിന്നുള്ള വരുമാനം കൂടി പദ്ധതിനടത്തിപ്പിനായി ഉപയോഗിച്ചവരുന്നുണ്ട്. കൂടാതെ ഭാഗ്യക്കുറി ഏജന്റുമാരുടേയും വിൽപനക്കാരുടേയും ക്ഷേമനിധി ബോർഡ് മുഖേന വിവിധ ക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നുണ്ട്.

**(ബി)** സമ്മാന ഘടനയിൽ മാറ്റം വരുത്തണമെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശം വ്യക്തമാക്കുമോ ;

**(ബി)** ഉണ്ട്. പ്രതിവാര ഭാഗ്യക്കുറിയുടെ സമ്മാന ഘടന പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചു വരികയാണ്.

**(സി)** മാറ്റം വരുത്തുക വഴി കൂടുതൽ ടിക്കറ്റുകൾ വിറ്റഴിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുമെന്നതിൽ അഭിപ്രായം വ്യക്തമാക്കുമോ ;

**(സി)** വിപണിയിലെ ആവശ്യം കണക്കിലെടുത്ത് പ്രതിവാര ഭാഗ്യക്കുറികളായ പൌർണ്ണമി, വിൻവിൻ, അക്ഷയ, ഭാഗ്യനിധി എന്നിവയുടെ അച്ചടി 56 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. പ്രസ്തുത ലോട്ടറികളുടെ മുഴുവൻ ടിക്കറ്റുകളും നിലവിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. സമ്മാനഘടനയിൽ മാറ്റം വരുത്തുന്നതുവഴി സ്കീമുകൾ കൂടുതൽ ആകർഷകമാക്കുവാനും ടിക്കറ്റുകളുടെ നിലവിലെ വില്പന നിലനിർത്തുവാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**(ഡി)** സമ്മാനഘടനയിൽ മാറ്റം വരുത്തേണ്ട കാര്യങ്ങളെക്കുറിച്ച് ഈ മേഖലയിലുള്ള ട്രേഡ് യൂണിയനുകളടക്കമുള്ളവരോട് ചർച്ച നടത്തുന്നതിന് തയ്യാറാകുമോ ?

**(ഡി)** ഭാഗ്യക്കുറി മേഖലയിൽ വരുത്തുന്ന പരിഷ്കരണങ്ങൾ സംബന്ധിച്ച് ഈ മേഖലയിലെ ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്യുകയും ട്രേഡ് യൂണിയനുകൾ മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ പരിശോധിക്കുകയും ചെയ്തുവരുന്നുണ്ട്. സമ്മാനഘടന പരിഷ്കരിക്കുന്ന വിഷയം സംബന്ധിച്ച് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്തിരുന്നു. സമ്മാനഘടന പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്.

**സെക്ഷൻ ഓഫീസർ.**